# നീരയിലെ നേരുകൾ.....

story : **PRATHAP RAVI**

തെങ്ങിൻ പൂങ്കുലയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന പ്രകൃതിദത്ത പാനീയമാണ് നീര. അമിനോ അമ്ലങ്ങളുടെയും വൈറ്റമിൻ കാത്സ്യം ഇരുമ്പ് തുടങ്ങിയ ധാതുക്കളുടെയും കലവറയായ ഈ പാനീയത്തിൽ മദ്യാംശമില്ല. ഉയർന്ന പോഷകമൂല്യം നീരയെ മികച്ച ആരോഗ്യ പാനീയങ്ങളുടെ ഗണത്തിൽപ്പെടുത്തുന്നു.

ഇന്ത്യയിൽ മഹാരാഷ്ട്ര , ഗോവ എന്നീ സംസ്ഥാനങ്ങളിലും ലക്ഷദ്വീപ് ആൻഡമാൻ കേന്ദ്രഭരണ പ്രദേശങ്ങളിലും നിലവിൽ നീര ടാപ്പിംഗ് അനുവദനീയമാണ്. കർണാടകത്തിൽ ഹോർട്ടികൾച്ചർ വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ നീര ഉല്പാദനം തുടങ്ങിക്കഴിഞ്ഞു.



1967 ലെ കേരള അബ്കാരി നിയമ പ്രകാരം ആൽക്കഹോൾ അടങ്ങിയ എല്ലാ ദ്രാവകങ്ങളും മദ്യത്തിന്റെ നിർവചനത്തിൽപ്പെടും. കള്ളിന്റെ പരിധിയിൽ തെങ്ങ് , പന , ഈന്തപ്പന എന്നീ വൃക്ഷങ്ങളുടെ പൂങ്കുലയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന പുളിച്ചതും പുളിക്കാത്തതുമായ എല്ലാ പാനീയങ്ങളെയും ഉൾപ്പെടുത്തിയിരുന്നു. മദ്യാംശം ഇല്ലാത്ത പുളിക്കാത്ത ദ്രാവകവും ഇതോടെ കള്ളിന്റെ നിർവചനത്തിനുള്ളിലായി. മദ്യാംശമില്ലാത്ത നീരയെ അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കാനും വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാനുമുള്ള കേര കർഷകരുടെ നാളുകളായുള്ള ആവശ്യമാണ് സംസ്ഥാന സർക്കാർ കഴിഞ്ഞ വർഷം അംഗീകരിച്ചത്. നീരയെ കള്ളിന്റെ ഗണത്തിൽപ്പെടുത്തിയ അബ്കാരി നിയമത്തിലെ പിഴവ് വർഷങ്ങൾക്കിപ്പുറം തിരുത്തിയ സർക്കാർ തീരുമാനം ചരിത്രപരമായിരുന്നു.

കള്ളിന് പകരക്കാരൻ നീരയോ നീരയ്ക്ക് പകരക്കാരൻ കള്ളോ അല്ല. രണ്ടുൽപ്പന്നങ്ങളും രണ്ടു ധ്രുവങ്ങളിൽ നിൽക്കുന്നു. അതുകൊണ്ടു തന്നെ ഉല്പാദനം, സംസ്ക്കരണം , വിപണനം എന്നിവയ്ക്ക് പ്രത്യേകം നിയമങ്ങൾ ആവശ്യമാണ്. രണ്ടിനെയും രണ്ടു തലത്തിൽ പ്രതിഷ്ഠിച്ചാലേ നിലവിലുള്ള അനാവശ്യ സംശയങ്ങളും ആശങ്കകളും ദൂരീകരിക്കാനാവൂ.

കേരളത്തിന് അകത്തും പുറത്തും വിദേശത്തുമെല്ലാം ഒരുപോലെ വിപണന സാധ്യതയുള്ള ഉൽപ്പന്നമാണ് നീര. ഇതിന് മറ്റ് നീര ഉത്പാദക രാജ്യങ്ങളെ നോക്കിയാൽ മതി. ഇന്തോനേഷ്യയിൽ വൻ വ്യവസായമാണിത്. കയറ്റുമതിയിലും അവർ മുമ്പിൽ നിൽക്കുന്നു. പ്രതിമാസം അര ലക്ഷം ടൺ കേരപഞ്ചസാരയാണ് അവർ ഉത്പാദിപ്പിക്കുന്നത്. വർഷത്തിൽ 150 കോടി ഡോളറിന്റെ ബിസിനസാണ് ഇന്തോനേഷ്യയ്ക്ക് നീര. 2014 ഏപ്രിൽ ഒന്ന് മുതൽ ആസിയാൻ രാജ്യങ്ങളിൽ ഉല്പാദിപ്പിക്കുന്ന എല്ലാ കാർഷികോത്പ്പന്നങ്ങളും അവയുമായി ബന്ധപ്പെട്ട മൂല്യവർധിത ഉല്പന്നങ്ങളും ഇന്ത്യയൊട്ടാകെ ചുങ്കമില്ലാതെ ഇറക്കുമതി ചെയ്യുന്ന സ്ഥിതി സംജാതമാകും. ഇത് മറുനാടൻ നീരയും നീര അനുബന്ധ ഉല്പന്നങ്ങളും ഇവിടേക്ക് അനായാസം കടന്നുവരാൻ വഴിയൊരുക്കും.

പതിനെട്ടുകോടിയിലധികം തെങ്ങുകൾ കേരളത്തിലുണ്ടത്രെ. ഒരു പൈലറ്റ് പദ്ധതി എന്ന നിലയ്ക്ക് കേരളത്തിലെ പത്ത് ശതമാനം തെങ്ങുകൾ ചെത്തി നീര ഉത്പാദിപ്പിക്കുന്ന പദ്ധതി തയ്യാറാക്കണം. ലോക പാനീയ മാർക്കറ്റിലെ വമ്പന്മാരായ പെപ്സി , കൊക്കൊകോള തുടങ്ങിയവരിൽ നിന്ന് രക്ഷനേടാൻ ഒരു ബദൽ ഹെൽത്ത് ഡ്രിങ്ക് എന്ന നിലയിലാണ് നീരയെ വളർത്തിയെടുക്കേണ്ടത്.

നീരയുടെ വ്യവസായ-വാണിജ്യ സാധ്യതകൾ കണ്ടറിഞ്ഞ് ഇതിനുവേണ്ടി സാർവത്രികമായ അഭിപ്രായ ഐക്യവും പദ്ധതികളും സൃഷ്ടിച്ച് മുന്നോട്ടു പോവേണ്ട സമയമാണിത്. അല്ലെങ്കിൽ വിദേശത്തു നിന്ന് ഇറക്കുമതി ചെയ്തു വരുന്നതും അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നതുമായ നീരയായിരിക്കും കേരളത്തിന്റെ സ്വന്തം നാട്ടുകാർക്ക് കുടിക്കാൻ യോഗം.!!

**ഉത്പാദനത്തിന് അനുസൃതമായി വരുമാനമുണ്ടായാൽ മാത്രമെ ഏതൊരു കൃഷിയും നിലനിൽക്കൂ. തെങ്ങുകളിലെ നീര ടാപ്പിംഗിലൂടെ പ്രതിവർഷം 54000 കോടിയുടെ അധിക വരുമാനമാണ് ഈ നാടിനു കൈവരിക. പോഷകസമ്പുഷ്ടവും രുചികരവുമായ നീരയിലൂടെ ഗ്രാമങ്ങളുടെയും കേര കർഷകരുടെയും ദാരിദ്ര്യ നിർമാർജനത്തിനുള്ള വഴിയാണ് തുറക്കുന്നത്**